കണ്ണൂർ സർവ്വകലാശാല

(പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2025 കെ. യു എച്ച്ക്യു., തീയതി 31.10.2026

പ്രസിദ്ധീകരണത്തിന്

ടൈംടേബിൾ പ്രസിദ്ധീകരിച്ചു

13-11-2026 ന് ആരംഭിക്കുന്ന അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ ബിരുദം(2020 മുതൽ 2023 വരെ അഡ്മിഷൻ) സപ്ലിമെന്ററി നവംബർ 2026 പരീക്ഷകളുടെ ടൈം ടേബിൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

ഹാൾ ടിക്കറ്റുകൾ

1. 05.11.2026 ന് ആരംഭിക്കുന്ന കണ്ണൂർ സർവകലാശാലയുടെ **രണ്ടാം സെമസ്റ്റർ ബി.എ/ ബി.ബി.എ/ ബി കോം ഡിഗ്രി (പ്രൈവറ്റ് രജിസ്ട്രേഷൻ) സപ്ലിമെന്ററി (2020-2023 അഡ്മിഷൻ) ഏപ്രിൽ 2026** പരീക്ഷകളുടെ ഹാൾ ടിക്കറ്റുകൾ സർവകലാശാല വെബ് സൈറ്റിൽ ലഭ്യമാണ്.

ഹാൾടിക്കറ്റ് പ്രിന്റ് എടുത്ത ശേഷം ഫോട്ടോ പതിച്ച് അറ്റസ്റ്റ് ചെയ്ത്, ഹാൾടിക്കറ്റിൽ കൊടുത്തിരിക്കുന്ന പരീക്ഷാ കേന്ദ്രത്തിൽ ഉച്ചക്ക് 1.30 മണിക്ക് (വെള്ളി - 2.00 മണി) ഹാജരാകേണ്ടതാണ്. ഹാൾടിക്കറ്റ് സ്വയം സാക്ഷ്യപ്പെടുത്തുന്ന വിദ്യാർഥികൾ ഫോട്ടോ പതിച്ച ഏതെങ്കിലും ഗവൺമെന്റ് അംഗീകൃത അസ്സൽ തിരിച്ചറിയൽ കാർഡ് കൊണ്ടുവരേണ്ടതാണ്.

2. സ്കൂൾ ഓഫ് ലീഗൽ സ്റ്റഡിസ് സെന്റർ, മഞ്ചേശ്വരം ക്യാമ്പസ്സിലെ **അഞ്ചാം സെമസ്റ്റർ ത്രിവത്സര എൽ എൽ ബി (റെഗുലർ 2024 അഡ്മിഷൻ/ സപ്ലിമെന്ററി 2022 & 2023 അഡ്മിഷൻസ്) നവംബർ 2026** പരീക്ഷകളുടെ ഹാൾടിക്കറ്റുകൾ വെബ്സൈറ്റിൽ ലഭ്യമാണ്.

ഹാൾടിക്കറ്റ് ലഭിക്കാത്തവർ സർവകലാശാലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ഒപ്പ് / -

അസിസ്റ്റന്റ് രജിസ്ട്രാർ - 1

പരീക്ഷാവിഭാഗം